## ഡോൾഫിയുടെ സാഹസിക യാത്ര 4



# പ്രീക്ലി

''നീയെന്നെ കൊല്ലാൻ കൊണ്ടുപോകുകയാണോ?''

പ്രീക്ലി ചോദിച്ചു.

''ഈ യാത്രയിൽ നീ മരിച്ചാലും നിന്നെ ഞാൻ നിന്റെ അമ്മയുടെ അടുത്തെത്തിക്കും.''

ഡോൾഫി കളിയാക്കി.

''അയ്യോ... എനിക്കമ്മയെ കാണണം.''

പ്രീക്ലി വീണ്ടും പിന്തിരിയാൻ തുടങ്ങി.

''പ്രീ...''

ഡോൾഫി അവനെ തടഞ്ഞു.

പ്രീക്ലി ദേഷ്യത്തോടെ തിരിഞ്ഞുനിന്നു.

''ഞാൻ നിന്നോടു പലവട്ടം പറഞ്ഞിട്ടുണ്ട് എന്നെ 'പ്രീ പ്രീ' ന്നു വിളിക്കരുതെന്ന്. പ്രീക്ലി... അങ്ങനെ വിളിച്ചാൽ മതി.''

അവൻ കയർത്തു.

''ശരി. പ്രീക്ലി. നല്ല പേര്.''

ഡോൾഫി തുടർന്നു:

ഇരുമ്പിനൊപ്പം കാർബൺ ചേർത്താണ് ഉരുക്ക് നിർമ്മിക്കുന്നത്.

''നമുക്ക് സംസാരിച്ചുനിൽക്കാൻ സമയമില്ല. യാത്ര ഇനിയും വേഗത്തിലാക്കണം. ഇരുട്ടുംമുമ്പേ നമുക്ക് ലക്ഷ്യത്തിലെത്തേണ്ടേ?''

''ങേ! ഇരുട്ടോ?''

പ്രീക്‌ലിക്ക് വീണ്ടും പേടിയായി.

''ഓ... പ്രീക്‌ലീ... അമ്മ പറഞ്ഞിട്ടില്ലേ... 'ഭീരുക്കൾ പലതവണ മരിക്കും; ധൈര്യശാലികൾക്ക് ഒറ്റ മരണമേയുള്ളൂ' എന്ന്?. നീ പേടിക്കാതെ. നിന്റെ കൂടെ ഞാനുണ്ടല്ലോ. മാത്രമല്ല, കൂടെ നീ ഉണ്ട് എന്നതാണ് എന്റെ ധൈര്യം.''

''ഓ... മരണം... മരണം... നിനക്ക് നല്ലതു വല്ലതും പറഞ്ഞൂടെ? വാ... പോകാം.''

പ്രീക്‌ലി പറഞ്ഞു.

''നിന്റെ കൂടെ ഇറങ്ങിപ്പുറപ്പെട്ട എന്നെ പറഞ്ഞാൽ മതി.''

മുന്നോട്ടു നീന്തുന്നതിനിടയിൽ പ്രീക്‌ലി പിറുപിറുത്തു.

''എന്ത്?''

ഡോൾഫി ചോദിച്ചു.

''ഒന്നുമില്ല.''

അവർ മുന്നോട്ടു നീന്തി.

മീൻകൂട്ടങ്ങളും കടലാമക്കൂട്ടങ്ങളും അവരെ കടന്നുപോയി. ഒരു കടൽക്കുതിരക്കുടുംബം കളിച്ചുല്ലസിച്ചു കടന്നുപോവുന്നത് പ്രീക്‌ലി നോക്കിനിന്നു.

''അതാ... അങ്ങോട്ടു നോക്കൂ...''

ഡോൾഫി ദൂരേക്കു ചിറകുചൂണ്ടി. പ്രീക്‌ലി അങ്ങോട്ടുനോക്കി.

''അത് കപ്പലല്ലേ? മുങ്ങിക്കിടക്കുന്ന കപ്പൽ?''

''അതെ.''

പ്രീക്‌ലിയുടെ മുഖം തെളിഞ്ഞു. അവർ സന്തോഷം കൊണ്ട് ചിറകുകൾ കൂട്ടിയടിച്ചു. പിന്നെ മുഖമുരുമ്മി.

''ശ്ശ്ശ്... ശബ്ദമുണ്ടാക്കരുത്.''

ഡോൾഫി പറഞ്ഞു.

അവർ ജാഗരൂകരായി. കടൽച്ചെടികളുടെ മറവിൽനിന്ന് രംഗം വീക്ഷിച്ചു. ചുറ്റികത്തലയൻ സ്രാവുകളെ കണ്ടപ്പോഴേ പ്രീക്‌ലി വിറയ്ക്കാൻ തുടങ്ങി.

''നമുക്കു സ്രാവു തിന്നു ചാവണ്ട, നമുക്കു മടങ്ങാം.''

അവൻ പറഞ്ഞു.

''പേടിക്കാതെ, അതാ നോക്കൂ. ഒരു കൂട്ടം കുഞ്ഞുമൽസ്യങ്ങൾ...''

അവർ മൽസ്യക്കൂട്ടത്തോട് ചങ്ങാത്തംകൂടി. അവയുടെ മറ



## നഖം കടിക്കൽ

Onuchophagia എന്നു പറഞ്ഞാൽ എന്താണെന്നറിയാമോ?. പല കൊച്ചു കൂട്ടുകാരിലും കണ്ടു വരുന്ന ഒരു ദുശ്ശീലത്തിന്റെ ശാസ്ത്രീയ നാമമാണ്. അതാണ്- നഖം കടിക്കൽ.

പിടിച്ച് മെല്ലെ കപ്പലിനടുത്തേക്ക് നീങ്ങി.

പെട്ടെന്നാണതു സംഭവിച്ചത്. കണ്ണുവെട്ടിച്ച് കപ്പലിലേക്കു കയറാൻ ശ്രമിക്കുന്ന കൂട്ടുകാരെ കൊലയാളി സ്രാവുകൾ കണ്ടുപിടിച്ചു.

''ഹേയ്, ദാ ഒരു ഉണ്ട മൽസ്യം.''

''ഇങ്ങനെയൊന്നിനെ തിന്നിട്ട് കാലം കുറെയായി.''

''ഒരു ഡോൾഫിൻ കുഞ്ഞുമുണ്ട്. കൂടെ ആരുമില്ല. ആരുമറിയില്ല. വാ...''

ചുറ്റികത്തലയന്മാർ അവർക്കുനേരെ കുതിച്ചു. പ്രീക്‌ലി പേടിച്ചുവിറച്ചു. അവൻെറ നീന്തലിന് വേഗം കുറഞ്ഞു. കഥ കഴിഞ്ഞതുതന്നെ. അവൻ മെല്ലെ കണ്ണടച്ചു.

പെട്ടെന്ന്, ഒരു മിന്നൽപ്പിണർ! ഡോൾഫി ഒന്നു വട്ടംതിരിഞ്ഞു, ഒറ്റത്തള്ള്. കപ്പലിൻെറ ഒരു വിള്ളലിലൂടെ പ്രീക്‌ലി അകത്തെത്തിക്കഴിഞ്ഞു. പിറകെ ഡോൾഫിയും കയറി.

''ഹൊ! നന്ദി ഡോൾഫീ...''

പ്രീക്‌ലി പറഞ്ഞു.


''ശ് ശ്...''കുഞ്ഞു ഡോൾഫിൻ പെട്ടെന്ന് ജാഗരൂകനായി. തരംഗങ്ങൾ പിടിച്ചെടുത്ത് കേൾക്കുന്നതിൽ മിടുക്കരാണ് ഡോൾഫിനുകൾ.

ഒരു ഇരുണ്ട മൂലയിലേക്ക് അവൻ പ്രീക്‌ലിയെ തള്ളിമാറ്റി. അകത്തുനിന്ന് മനോഹരമായൊരു പാട്ടുകേൾക്കുന്നുണ്ടായിരുന്നു.

(തുടരും)

സ്വതന്ത്ര്യ പുനരാഖ്യാനം:

**● എം കുഞ്ഞാപ്പ**



ഭൂവൽക്കത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം- അലൂമിനിയം